# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 748 | 02.12.2015 -ൽ മറുപടിക്ക്

## ഹൃദയാഘാതം തടയുന്നതിനായി ബോധവൽക്കരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ :<br>,, തോമസ് ചാണ്ടി | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഹൃദയചികിത്സാ രംഗത്ത് കേരളം ലോക നിലവാരത്തിലേയ്ക്ക് ഉയരുമ്പോഴും രോഗപ്രതിരോധത്തിൽ പിന്നോട്ടാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോജനം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ സർക്കാർ സ്വകാര്യ മേഖലയിലുള്ള ഹൃദ്രോഗ ചികിത്സ ലോക നിലവാരത്തിലേയ്ക്ക് ഉയർന്നുവെങ്കിലും ഹൃദ്രോഗികളുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഹൃദയാഘാതത്തിന്റെ തോതും അതുമൂലം മരിക്കുന്നവരുടെ എണ്ണവും വർദ്ധിക്കുന്നത് തടയുന്നതിനായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ബി) | ഹൃദയാഘാതത്തിലേയ്ക്ക് ഒരു വ്യക്തിയെ നയിക്കുന്നത് വിവിധതരം കാരണങ്ങളാണ്. കൊഴുപ്പേറിയ ഭക്ഷണം, വ്യായാമം ഇല്ലായ്മ, പുകവലി, പ്രമേഹം, രക്താദിസമ്മർദ്ദം തുടങ്ങിയ രോഗങ്ങൾ, പാരമ്പര്യം തുടങ്ങിയ വിവിധ കാരണങ്ങളാലാണ് ഹൃദ്രോഗവും, ഹൃദയാഘാതവും സംഭവിയ്ക്കുന്നത്. ഇത് തടയുന്നതിന് ആവശ്യമായ ആരോഗ്യബോധവൽക്കരണവും നേരത്തെയുള്ള രോഗനിർണ്ണയവും ചികിത്സാവിധികളും അനിവാര്യമാണ്. ഈ ഉദ്ദേശലക്ഷ്യത്തോടെ സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് 'അമൃതം ആരോഗ്യം'. ആരോഗ്യപരമായ ഭക്ഷണരീതിയും ചിട്ടയായ വ്യായാമത്തിന്റെ ആവശ്യകതയും, പുകവലി, മദ്യപാനം എന്നീ ദുശ്ശീലങ്ങളുടെ ദൂഷ്യഫലങ്ങളും അത് ഒഴിവാക്കുവാൻ വേണ്ടിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും ആരോഗ്യ പ്രവർത്തകരിലൂടെ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നു. യോഗാ പരിശീലനങ്ങൾ ആരോഗ്യ പ്രവർത്തകർക്കും പൊതുജനങ്ങൾക്കും നൽകി വരുന്നു. |

(.....2)

മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനവിഭാഗങ്ങളേയും ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുന്നതിലൂടെ ഹൃദ്രോഗത്തിന് കാരണ മായ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സിയ്ക്കുന്നതിനും സാധിക്കുന്നു . കേന്ദ്ര ആവിഷ്കൃത പദ്ധതിയായ എൻ.പി.സി.ഡി. സി.എസ് നിലവിലുള്ള അഞ്ച് ജില്ലകളിൽ കൊറോണറി കെയർ യൂണിറ്റ് ജില്ലാ ആശുപത്രികളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമെ സർക്കാർ ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും ഹൃദ്രോഗ പരിചരണത്തിനുള്ള പ്രത്യേക പരിശീലനവും നൽകിവരുന്നു.

സെക്ഷൻ ഓഫീസർ